Bar & Bench (www.barandbench.com)

**കേരള സർക്കാർ**

**സംഗ്രഹം**

നിയമ (കെ. എൽ. ബി. എഫ്) വകുപ്പ്- ബാറിലെ സേവനകാലം 3 വർഷത്തിൽ അധികരിക്കാത്ത അഭിഭാഷകർക്ക് കേരള അഭിഭാഷക ക്ഷേമനിധിയിൽ നിന്ന് പ്രതിമാസം 5000/- രൂപ നിരക്കിൽ സ്റ്റൈപ്പൻഡ് നൽകുന്നതിനുള്ള അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നിയമ (കെ.എൽ.ബി.എഫ്) വകുപ്പ്**

**സ.ഉ.(എം. എസ്) നം.36/2018/നിയമം** **തിരുവനന്തപുരം, തീയതി, 09/03/2018**

---

പരാമർശം: അഡ്വക്കേറ്റ് ജനറലിന്റെ 01/12/2017-ലെ കത്ത്.

## <u>ഉത്തരവ്</u>

1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റ് പ്രകാരം അഭിഭാഷകരുടെ ക്ഷേമത്തിനായി കേരള അഭിഭാഷക ക്ഷേമനിധി രൂപീകരിച്ചിട്ടുള്ളതാണ്. ആക്റ്റിലെ 9-ാം വകുപ്പിൽ, 30 വയസ്സ് പൂർത്തിയാക്കാത്തതും 1 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളതും ബാറിലെ സേവനകാലം 3 വർഷത്തിൽ അധികരിക്കാത്തതുമായ ഒരു അഭിഭാഷകന്, ട്രസ്റ്റി കമ്മിറ്റി കാലകാലങ്ങളിൽ നിശ്ചയിക്കുന്നതും സർക്കാർ അംഗീകരിക്കുന്നതുമായ നിരക്കിൽ സ്റ്റൈപ്പൻഡ് നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ഇതിൻ പ്രകാരം പ്രസ്തുത നിധിയിൽ നിന്നും പ്രതിമാസം 5000/- രൂപ നിരക്കിൽ ജൂനിയർ അഭിഭാഷകർക്ക് സ്റ്റൈപ്പൻഡ് നൽകുന്നതിനായി കേരള അഭിഭാഷക ക്ഷേമനിധി ട്രസ്റ്റി കമ്മിറ്റിയുടെ യോഗത്തിൽ തീരുമാനിച്ചിട്ടുള്ളതായും അതിനാൽ 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റിലെ 9-ാം വകുപ്പ് പ്രകാരം സ്റ്റൈപ്പൻഡ് അനുവദിയ്ക്കുന്നതിന് സർക്കാർ അനുമതി നല്കണമെന്നും മേൽ പരാമർശത്തിലെ കത്ത് പ്രകാരം അഭിഭാഷക ക്ഷേമനിധി ട്രസ്റ്റി കമ്മിറ്റി ചെയർമാൻ ആയ അഡ്വക്കേറ്റ് ജനറൽ അഭ്യർത്ഥിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും 30 വയസ്സ് പൂർത്തിയാക്കാത്തവരും 1 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളതും ബാറിലെ സേവനകാലം 3 വർഷത്തിൽ അധികരിക്കാത്തവരുമായ അഭിഭാഷകർക്ക് കേരള അഭിഭാഷക ക്ഷേമനിധിയിൽ നിന്നും പ്രതിമാസം 5000/- രൂപ (അയ്യായിരം രൂപ മാത്രം) നിരക്കിൽ ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി സ്റ്റൈപ്പൻഡ് നൽകുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

Bar & Bench (www.barandbench.com)



1. 30 വയസ്സ് പൂർത്തിയാക്കാത്തവരും 1 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളതും ബാറിലെ സേവനകാലം 3 വർഷത്തിൽ അധികരിക്കാത്തവരുമായ അഭിഭാഷകർക്ക് മാത്രമേ സ്റ്റൈപ്പൻഡ് ലഭിക്കുവാൻ അർഹതയുള്ളൂ.

2. കേരള അഭിഭാഷകക്ഷേമനിധി ട്രസ്റ്റി കമ്മിറ്റിയുടെ നിശ്ചിത മാതൃകയിലുള്ള അപേക്ഷാഫാറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അഭിഭാഷകൻ അംഗമായിട്ടുള്ള ബാർ അസോസിയേഷൻ മുഖാന്തിരവും ബന്ധപ്പെട്ട ബാർ അസോസിയേഷന്റെ ശുപാർശ സഹിതവുമാണ് ട്രസ്റ്റി കമ്മിറ്റിയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടത്.

3. അപേക്ഷകയുടെ / അപേക്ഷകന്റെ വയസ്സ് തെളിയിക്കുന്നതിനായി ഒരു ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ജനനസർട്ടിഫിക്കറ്റിന്റെ / മറ്റ് ആധികാരികരേഖയുടെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. വാർഷികവരുമാനം തെളിയിയ്ക്കുന്നതിന് ബന്ധപ്പെട്ട റവന്യൂ അധികാരിയിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റും, ബാറിലെ സേവനകാലവും നിലവിൽ സേവനം ചെയ്തുവരുന്നതുമായ വിവരങ്ങൾ തെളിയിക്കുന്നതിന് ബന്ധപ്പെട്ട ബാർ അസോസിയേഷൻ പ്രസിഡന്റ് / സെക്രട്ടറി നൽകുന്ന സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം സമർപ്പിച്ചിരിക്കേണ്ടതാണ്.

4. ജൂനിയർ അഭിഭാഷകൻ സജീവ പ്രാക്ടീസിലാണെന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ട് അദ്ദേഹത്തിന്റെ സീനിയർ അഭിഭാഷകൻ (പതിനഞ്ച് വർഷത്തിൽ കുറയാത്ത പ്രാക്ടീസുള്ള) അഥവാ ബന്ധപ്പെട്ട ബാർ അസോസിയേഷൻ നൽകിയ സാക്ഷ്യപത്രം. 3 മാസത്തിലൊരിക്കൽ ട്രസ്റ്റി കമ്മിറ്റി മുമ്പാകെ നൽകേണ്ടതാണ്.

5. തെറ്റായ വിവരങ്ങൾ നൽകിയോ വ്യാജരേഖ ചമച്ചോ സ്റ്റൈപ്പൻഡ് കൈപ്പറ്റുന്ന അഭിഭാഷകർ അപ്രകാരം കൈപ്പറ്റിയ തുക 12 % പലിശ സഹിതം തിരിച്ചടയ്ക്കുവാൻ ബാദ്ധ്യസ്ഥരാണ്. ഇതിനുപുറമേ ഇവർക്കെതിരെ ക്രിമിനൽ നടപടികളും സ്വീകരിക്കാവുന്നതാണ്. അനർഹരായവർക്ക് സ്റ്റൈപ്പൻഡ് ലഭ്യമാക്കുന്നതിന് തെറ്റായ

Bar & Bench (www.barandbench.com)



സർട്ടിഫിക്കറ്റുകൾ നൽകുന്ന ബാർ അസോസിയേഷൻ സെക്രട്ടറി / പ്രസിഡന്റ്/ സീനിയർ അഭിഭാഷകനെതിരെയും അച്ചടക്ക നടപടിയും നിയമനടപടികളും സ്വീകരിക്കാവുന്നതാണ്. മേൽ കാണിച്ച നിബന്ധനകൾ പാലിക്കുന്നതിന് മുദ്രപ്പത്രത്തിൽ ഒരു ബോണ്ട് നൽകേണ്ടതാണ്.

6. സ്റ്റൈപ്പൻഡ് ലഭിക്കുവാനുള്ള അർഹത ട്രസ്റ്റി കമ്മിറ്റി കാലാകാലങ്ങളിൽ സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി നിശ്ചയിക്കുന്ന മറ്റ് വ്യവസ്ഥകൾക്കും കൂടി വിധേയമായിരിക്കും.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എ. മുഹമ്മദ് ഹുസൈൻ,
അഡീഷണൽ നിയമ സെക്രട്ടറി.

പകർപ്പ്:

1. കേരള നിയമ സഹായനിധി ട്രസ്റ്റി കമ്മിറ്റിയുടെ ചെയർമാനും മറ്റ് അംഗങ്ങൾക്കും.
2. അഡ്വക്കേറ്റ് ജനറൽ, കേരള എറണാകുളം.
3. സെക്രട്ടറി, കേരള അഭിഭാഷകക്ഷേമനിധി ട്രസ്റ്റി കമ്മിറ്റി.
4. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
6. ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
7. നിയമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
8. നിയമ സെക്രട്ടറിയുടെ പി. എ.
9. അഡീഷണൽ നിയമ സെക്രട്ടറി (കെ. എൽ ബി. എഫ്) യുടെ സി.എ.
10. ഇൻഫർമേഷൻ ഓഫീസർ വെബ്ബ് ആന്റ് ന്യൂ മീഡിയ ഐ. & പി.ആർ. ഡി.
11. നിയമ (നോഡൽ) വകുപ്പ്
12. സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം.

സെക്ഷൻ ഓഫീസർ.